MR. EAPEN ARAKKAL : ജഡ്ജ്മെന്റിന്റേയും മറ്റും പകർപ്പ് കിട്ടണമെന്നപേക്ഷിച്ചാൽ ഒരുകൊല്ലം കഴിഞ്ഞതിനുശേഷമേ അതിലേക്കുള്ള ഷീറ്റുകൂടി കുറിക്കുകയുള്ളൂ എന്നറിയാമോ ?

HON'BLE MR. A. J. JOHN : അല്പസ്വല്പതാമസം നേരിട്ടേയ്ക്കും.

MR. EAPEN ARAKKAL : ഇങ്ങനെ താമസം നേരിടുന്നതു് ഹൈക്കോടതിയിലെ സിൽബന്തികൾ ശരിയായി ജോലിചെയ്യാത്തതുകൊണ്ടല്ലേ ?

HON'BLE MR. A. J. JOHN : ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം ഈ താമസം നേരിടുന്നതു് അവിടത്തെ സ്റ്റാഫിന്റെ കുറവുകൊണ്ടാണു്; അല്ലാതെ കാര്യക്ഷമതയുടെ കുറവുകൊണ്ടല്ല.

MR. EAPEN ARAKKAL : ഒരു ക്ലിപ്തകാലത്തിനിടയിൽ തീർച്ചു കഴിഞ്ഞ കേസുകളുടെ റിക്കാർഡുകളെല്ലാം കീഴ്ക്കോടതികളിലേക്കു് അയച്ചുകൊടുക്കാൻ വേണ്ട വ്യവസ്ഥചെയ്യുമോ ?

HON'BLE MR. A J. JOHN : വിവരം ഹൈക്കോടതിയെ അറിയിക്കാം.

Mutation of Patta.

*148 MR. EAPEN ARAKKAL : Will the Hon'ble Minister for Land be pleased to state:

(*a*) how many petitions have been filed in the Taluk Cutcherries of Shertallai and Ambalapuzha for mutation of patta (Thandapper) in the years 1121, 1122 and 1123;

(*b*) how many such petitions have been disposed of; and

(*c*) how many such petitions are now pending?

HON'BLE MR. V. O. MARKOS: A statement showing details is furnished below:

	Shertallai.			Ambalapuzha.		
	1121	1122	1123	1121	1122	1123
(*a*)	1185	280	125	574	210	117
(*b*)	1185	280	125	563	192	98
(*c*)	...	...	...	11	18	19

MR. EAPEN ARAKKAL : ആധാരം രജിസ്റ്റർ ചെയ്യുന്ന മുറക്കല്ലേ ഈ കേസുകൾ എല്ലാം എടുക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: അതെ. എന്നാൽ തക്കമുള്ള കേസുകളെ സംബന്ധിച്ചിടത്തോളം അങ്ങനെ സാധിക്കയില്ല.

തൊഴിലാളികളുടെ ബോണസ്സ്.

*149. MR. WILSON PETER (*Shertallai III—L. C. Reserved*): താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ ?

ഫാർമ്മുതലുള്ള 8 ശതമാനം ബോണസും, ഫാർവ മേയ് മുതൽ ഇൻഡ്യാ ഗവണ്മെൻറനുവദിച്ച രണ്ടണ സ്പെഷ്യൽ അലവൻസും പല തോട്ടം അധികാരികളും ഇന്നും കൊടുത്തിട്ടില്ല എന്നതു ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN: ചുരുക്കം ചില ചെറിയ തോട്ടം ഉടമസ്ഥന്മാർ ഈ വിഷയത്തിൽ അമാന്തം കാണിച്ചതായി അറിവു ലഭിച്ചിട്ടുണ്ട്.

ചേർത്തലയിലെ വിദ്യാർത്ഥിമർദ്ദനം.

* 150. MR. WILSON PETER: ചേർത്തല ക്യാമ്പുചെയ്യുവരുന്ന ചില പോലിസ് കാൺസ്റ്റബിൾമാർ മദ്യപിച്ചുകൊണ്ട് ഒരു വിദ്യാർത്ഥിയെ കഠിനമായി കയ്യേറ്റം ചെയ്തതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI: Police Constables Nos. 4795 and 4840 concerned in the affair were suspended for a fortnight and one month respectively.

പ്രൈമറിസ്കൂളുകളിലെ ശമ്പളത്തോത്.

*151. MR. K. K. CHELLAPPAN PILLAI [*Mavelikara II—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദയവായി മറുപടി പറയുമോ ?

(എ) പ്രൈമറിസ്കൂളുകളിലും, മിഡിൽ സ്കൂളുകളിലും നിലവിലിരിക്കുന്ന ശമ്പളത്തോതിന്റെ ക്രമകരണത്തിലുള്ള ന്യൂനതകൊണ്ട് അദ്ധ്യാപകന്മാർക്കുള്ള വിഷമതകളെപ്പറ്റി ഗവണ്മെൻറിനറിയുമോ ?

(ബി) അറിയാമെങ്കിൽ അതിന്റെ പരിഹാരത്തിനുവേണ്ടി എന്തു നടപടി നടത്തിയിട്ടുണ്ട്.

HON'BLE MR. N. KUNJURAMAN: (*a*) yes.

(*b*) The question of revision of salaries of such teachers is being considered.

LIBRARY ARCHIVES Kerala Legislative Assembly